"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ)-യെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ നിയമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതലയും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതലയും ജില്ലാ വനിതാ ക്ഷേമ ഓഫീസർക്ക് നല്കിയ ജില്ലാ കളക്ടറുടെ നടപടികൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1543/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 22.07.2019.**

പരാമർശം: 1) ആലപ്പുഴ ജില്ലാ കളക്ടറുടെ 09.03.2018-ലെ ഡി5/729/2018 നമ്പർ നടപടിക്രമം.

2) ആലപ്പുഴ ജില്ലാ കളക്ടറുടെ 12.09.2018-ലെ ഡി5/729/2018 നമ്പർ നടപടിക്രമം.

3) ഗ്രാമവികസന കമ്മീഷണറുടെ 06.05.2019-ലെ 99/എസ്റ്റാ.ഡി3/2019/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(പിഎ) ആയിരുന്ന ശ്രീ.ഷിൻസ്.ഡി-യെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ നിയമിച്ചപ്പോൾ, 09.03.2018 മുതൽ 03.09.2018 വരെ മേൽ തസ്തികയുടെ അധികച്ചുമതല ജില്ലാ വനിതാ ക്ഷേമ ഓഫീസറായ ശ്രീമതി എലിസബത്ത്.എ.ജെ-യ്ക്ക്, പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ നല്കിയിരുന്നുവെന്നും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.പ്രദീപ് കുമാറിന് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, 30.08.2018 മുതൽ 15.10.2018 വരെ ടി തസ്തികയുടെ അധികച്ചുമതല, ശ്രീമതി എലിസബത്ത്.എ.ജെ-യ്ക്ക് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ നല്കിയിരുന്നുവെന്നും, പ്രസ്തുത നടപടികൾക്ക് സാധൂകരണം നല്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ)-യെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ നിയമിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതലയും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതലയും ജില്ലാ വനിതാ ക്ഷേമ ഓഫീസർക്ക് നല്കിയ ജില്ലാ കളക്ടറുടെ പരാമർശം (1), (2) നടപടികൾക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി എലിസബത്ത്.എ.ജെ., ജില്ലാ വനിതാ ക്ഷേമ ഓഫീസർ, ആലപ്പുഴ.

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ